www.lfa.kerala.gov.in

# അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

*e-mail:auditlfdopkd@gmail.com*

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി16-1881/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി- 11/11/2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഇ-മെയിൽ മുഖേന)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.16-1881/2016 തീയതി 11.11.2016

## പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.6.2016 മുതൽ 17.9.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.9.2016മുതൽ 29.9.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ.എൻ.മുരളീധരൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ.പി മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വി.ടി.ഉഷാകുമാരി | സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാധാകൃഷ്ണൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രീതമോഹൻദാസ് ശ്രീ.കെ.കെ.കുഞ്ഞൻ | 1.4.2015മുതൽ 31.10.2015 വരെ |
| സെക്രട്ടറി | ശ്രീ.കെ.സതീഷ് കുമാർ | 1.4.2015 മുതൽ 31.03.2016 വരെ |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എൻജിനീയർ | ശ്രീമതി. ആയിഷ | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ | ശ്രീ.ജയൻ.എൻ.ആർ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അനിൽ | 1.4.2015 മുതൽ 15.6.2016 വരെ |
| -ടി- | ഡോ.ജ്യോതിഷ്.വി | 16.6.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജേഷ്.പി | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ധന്യ.എസ് | 1.4.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| (ആയുർവേദം) | | |
| കൃഷി ഓഫീസർ | ശ്രീ.സാബു.സി.എസ് | 1.4.2015 മുതൽ<br>31.3.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പാറുക്കുട്ടി.കെ | 1.4.2015 മുതൽ<br>31.3.2016 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി. മേരിസുധ | 1.4.2015 മുതൽ<br>31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. കെ.തങ്കം | 1.4.2015 മുതൽ<br>31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ<br>(അലോപ്പതി) | ഡോ.എ.അഷറഫ് | 1.4.2015 മുതൽ<br>31.3.2016 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.പ്രേമകുമാരി | 1.4.2015 മുതൽ<br>31.3.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സജീവ് കുമാർ | 1.4.2015 മുതൽ 20.8.2015വരെ |
| | ശ്രീ.സുരേഷ് ബാബു.എം | 21.8.2015 മുതൽ<br>07.1.2016 വരെ |
| | ശ്രീ.ബിനിൽ.എസ് | 8.1.2016 മുതൽ<br>31.3.2016 വരെ |

ഉള്ളടക്കം


| ഭാഗം 1 | | |
|---|---|---|
| ക്രമ നം. | ഖണ്ഡിക നമ്പർ | വിശദാംശം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം. |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം-2 | | |
| 11 | 2-1 | തൊഴിൽ നികുതി - കുറവായി ഈടാക്കിയത് സംബന്ധിച്ച് |
| 12 | 2-2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| ഭാഗം-3 | | |
| 13 | 3-1 | IAY വിഹിതം, പട്ടിക ജാതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം |
| 14 | 3-2 | പശ്ചിമ ഘട്ട വികസന പദ്ധതി - ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക തിരിച്ചടവാക്കണം. |
| 15 | 3-3 | വിവിധ പദ്ധതികളിലെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം. |
| 16 | 3-4 | അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല- വിവിധ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കപ്പെടാതെ പോയി. |

| | | |
|---|---|---|
| 17 | 3-5 | വെറ്ററിനറി ആശുപത്രിയിലേക്ക് മരുന്ന് - പർച്ചേസിൽ സുതാര്യത ഉറപ്പ് വരുത്തണം. |
| 18 | 3-6 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ മുഴുവൻ തുകയും വിതരണം ചെയ്തില്ല. |
| ഭാഗം 4 | | |
| 19 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 20 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 21 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 22 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 23 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 24 | 4-6 | ഓഡിറ്റ് റിക്കവറി |
| 25 | 4-7 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 26 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 27 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 28 | - | അനുബന്ധം-1:ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷങ്ങളിലെ ബജറ്റ്/ പുതുക്കിയ ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചു.

| വർഷം | ബജറ്റ് /പുതുക്കിയ ബജറ്റ് അംഗീകരിച്ച തീയതി/ തീരുമാനം നമ്പർ |
|---|---|
| 2015-16 | തീരുമാനം-1 തിയ്യതി- 27.3.2015 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 30.7.2016 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | തീയതി | |
| 2015-16 | 22.9.2016 | |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2015-16 | 23835953.50 | 58902588.00 | 82738541.50 | 70606862.00 | 12131679.50 |

*മുന്നിരിപ്പും നീക്കിയിരിപ്പും കയ്യിരിപ്പ് പണം ഉൾപ്പെടെയാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | അലോക്കേഷൻ വരവ് | ആകെ | ചെലവ് | VPFA II a-യിലേക്ക് TC | (ബാക്കി) ലാപ്സ് ആയത് | CB RP40b പ്രകാരം |
|---|---|---|---|---|---|---|---|---|
| പ്ലാൻ ജനറൽ | 3864454 | 9506554 | 11771721 | 25142729 | 13488212 | 0 | 11654517 | 0 |
| പ്ലാൻ SCP | 2262722 | 0 | 9951000 | 12213722 | 11037945 | 118275 | 1057502 | 0 |
| പ്ലാൻ TSP | 0 | 0 | 17000 | 17000 | 0 | 0 | 17000 | 0 |
| MG(R) | 302158 | 0 | 11664000 | 11966158 | 11102279 | 0 | 863879 | 0 |
| MG(NR) | 815161 | 0 | 3765000 | 4580161 | 3533322 | 0 | 1046839 | 0 |
| CFC | 2516214 | 0 | 4896240 | 7412454 | 5306057 | 3682538 | 2106397 | 0 |
| KLGSDP | 4843600 | 0 | 4705741 | 9549341 | 4432743 | 4705741 | 410857 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2015-16 | 239 | 120873467 | 179 | 51758030 | 46 | 14 | 74.89 |

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഈ സാമ്പത്തികവർഷം തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4704487 | 3173101 | 1531386(-) | (-)32.55 |
| നികുതിയേതര വരവുകൾ | 669081 | 867244 | 198163(+) | (+)29.62 |
| മറ്റുവരവുകൾ | 557941 | 491982 | 65959(-) | -11.82 |
| ആകെ | 5931509 | 4532327 | 1399182(-) | (-)23.59 |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 327000 | 168 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4383960 | 684 |
| വിധവാപെൻഷൻ | 14292120 | 1576 |
| വാർദ്ധക്യകാലപെൻഷൻ | 18519570 | 2377 |
| വികലാംഗപെൻഷൻ | 3562240 | 365 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1819600 | 213 |
| വിവാഹ ധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.9.2016, 11.30 am ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 26,545/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പൊതുവെ തൃപ്തികരമാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.6.2016 | 5/2016 | 26.9.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.2.2014 മുതൽ 26.2.2014 വരെ | 2008-09 മുതൽ 2012-13 വരെ | 8.4.2014 |

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - കുറവായി ഈടാക്കിയത് സംബന്ധിച്ച്

അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയ താഴെ പറയുന്ന ജീവനക്കാർ തൊഴിൽ നികുതി കുറവായാണ് ഒടുക്കിയതെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേരും ഉദ്യോഗപ്പേരും | ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | ആകെ തുക | ഒടുക്കേണ്ട തുക | | ഒടുക്കിയത് (രശീതി നമ്പർ ഉൾപ്പെടെ) | ബാക്കി |
|---|---|---|---|---|---|---|---|---|
| 1 | സുന്ദരൻ.കെ. (PTS) | കൃഷി ഭവൻ | 2-ാം അർദ്ധ വർഷം | 76212 | 750 | | 600/- രശീതി.നം. 11508105868/ 4.3.16) | 150 |
| 2 | സുന്ദരേശ്വരൻ.കെ. മാനേജർ | മലബാർ ബ്ലൂമെറ്റൽസ്, വേങ്ങശ്ശേരി | 1-ാം അർദ്ധ വർഷം | 44900 | 300 | ആകെ **1200** | 900/- രശീതി. നം 11508101743/ 1.7.15 | 300 |
| 3 | വർഗ്ഗീസ്, വർക്കർ | " " | " " | 29800 | 180 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | ശശി, വർക്കർ | " " | " " | 29250 | 180 | | | |
| 5 | തങ്കൻ, വർക്കർ | " " | " " | 29250 | 180 | | | |
| 6 | രാജേഷ്, വർക്കർ | " " | " " | 17500 | 120 | | | |
| 7 | ദിനേഷ്, വർക്കർ | " " | " " | 17500 | 120 | | | |
| 8 | കണ്ണൻ, വർക്കർ | " " | " " | 17500 | 120 | | | |
| | | ആകെ | | | | | | 450 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, (നം 2/29.9.16) ബന്ധപ്പെട്ടവരിൽ നിന്ന് തുക ഈടാക്കുന്നതാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു. ആയതിനാൽ ടി ജീവനക്കാരിൽ നിന്നും മേൽ പറഞ്ഞ തുക ഈടാക്കി വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് 2015-2016 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | BSNL അമ്പലപ്പാറ |
| 2 | KSEB അമ്പലപ്പാറ |
| 3 | ഒറ്റപ്പാലം സർവ്വീസ്സ് സഹകരണ ബാങ്ക് , മുരിക്കുംപറ്റ |
| 4 | വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി , അമ്പലപ്പാറ |
| 5 | പവർ പ്രൊജക്റ്റ് അമ്പലപ്പാറ |
| 6 | പവർ ഡിറ്റർജന്റ് , അമ്പലപ്പാറ |
| 7 | മലബാർ ബ്ലൂ മെറ്റൽസ് , വേങ്ങശ്ശേരി |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും അർധ വർഷ റിട്ടേൺ ലഭ്യമാക്കി നികുതി നിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 IAY വിഹിതം പട്ടിക ജാതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

2015-2016 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നടപ്പിലാക്കിയ ഐ.എ.വൈ വിഹിതം ( എസ്.സി.- പ്രൊജക്റ്റ് നം 283/ 15-16 ) എന്ന പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 880000 രൂപ (ബിൽ നം 02/15-16 തീ 30.01.16 ) പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഈ തുക 44 ഗുണഭോക്താക്കൾക്ക് 20000 രൂപ വീതം വിതരണം ചെയ്യുന്നതിനു വേണ്ടി ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ( ഡി.ഡി നം. 944163/ തീ. 17.02. 16 ) ഈ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 3-2 പശ്ചിമ ഘട്ട വികസന പദ്ധതി - ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക തിരിച്ചടവാക്കണം.

2009-10 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് 2011-12 ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന ബഹുവർഷ പ്രൊജക്ടായിരുന്നു ഇത്. 580 ഹെക്ടർ വിസ്തൃതിയുള്ള ചുനങ്ങാട് നീർത്തടത്തിന്റെ സമഗ്ര വികസനം, മണ്ണ്-ജൈവ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യങ്ങൾ. പശ്ചിമഘട്ട വികസന ഫണ്ട്, ഗ്രാമ പഞ്ചായത്ത് വിഹിതം, 10% ഗുണഭോക്തൃവിഹിതം എന്നിവയുൾപ്പെടെ 54,41,500/ രൂപ അടങ്കലോടെയാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. പ്രസ്തുത പ്രൊജക്ടിനു കീഴിൽ നാളിതുവരെ താഴെ പറയുംപ്രകാരമുള്ള തുകകൾ ലഭ്യമായിട്ടുണ്ട്.

| WGDP ഫണ്ട് | | പലിശ | |
|---|---|---|---|
| തിയ്യതി | തുക | തിയ്യതി | തുക |
| 23.5.2010 | 913600 | 31.3.2011 | 29185 |
| 8.1.11 | 114188 | 31.3.12 | 31150 |
| 26.3.12 | 429561 | 30.3.2013 | 147171 |
| 31.3.12 | 1935000 | 30.3.2014 | 229544 |
| 30.3.13 | 1501000 | 31.3.2015 | 204503 |
| | 0 | 31.3.2016 | 112417 |

| | | | |
|---|---|---|---|
| ആകെ | 4893349 | ആകെ | 753970 |

മേൽ സൂചിപ്പിച്ച തുകകൾക്ക് പുറമെ, നടപ്പിലാക്കിയ പദ്ധതി ഘടകങ്ങളുടെ ഗുണഭോക്തൃ വിഹിതം ലഭ്യമാക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതി ഘടകങ്ങളിൽ സാങ്കേതിക സഹായം ആവശ്യമില്ലാത്ത ആട്, പശു വിതരണം, അനുബന്ധ വികസന പ്രവർത്തനങ്ങൾ എന്നിവ മാത്രമാണ് 2014-15 വരെ നടപ്പിലാക്കിയത്. 2015-16,2016-17 വർഷങ്ങളിലായി രണ്ട് തോട് സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി തുക ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ രേഖകൾ പ്രകാരം 31.8.2016 ന് 3030626രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട് (S.B a/c No:1733-ഒറ്റപ്പാലം സർവ്വീസ് സഹകരണ ബാങ്ക്). പദ്ധതിയുടെ അംഗീകൃത കാലാവധി കഴിഞ്ഞ് ഇപ്രകാരം തുക സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ലാത്തതിനാൽ ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് തുടർ നിർദ്ദേശം തേടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് മുൻ വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശിച്ചിരുന്നു. നിലവിൽ ബഹു.പാലക്കാട് ജില്ലാ കളക്ടറുടെ 9/9/2016 ലെ 456/2016/WGDP/ഡി.പി.ഒ/പി.കെ.ഡി നമ്പർ കത്ത് പ്രകാരം തുടർ നടപടി നിർദ്ദേശം ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചടച്ച് ഓഡിറ്റിന് വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-3 വിവിധ പദ്ധതികളിലെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

വിവിധ വർഷങ്ങളിൽ ആരംഭിച്ച പദ്ധതികളിൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I.ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി 2010-11(സ്പിൽ ഓവർ-94/15-16, 2015-16 ൽ തുക ചെലവഴിച്ചിട്ടില്ല.)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തിയ്യതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | നളിനി പ്രഭാകരൻ താഴത്തെപുരക്കൽ ചുനങ്ങാട് | 70000 | 25.5.2011 | ചുമർ പണിവരെ പൂർത്തിയായി |
| 2 | സരോജിനി ബാലൻ, അടിമ പറമ്പിൽ, മേലൂർ | 57500 | 27.6.2011 | തറ |
| 3 | ജയരാമൻ കളരിക്കൽ ചുനങ്ങാട് | 42500 | 4.9.2012 | തറ |
| 4 | ലത രാധാകൃഷ്ണൻ, മയിലുംപുറം | 52500 | 26.3.2011 | തറ |
| 5 | പ്രേമലത, കോട്ടൂർ പത്മാലയം, ചുനങ്ങാട് | 22500 | 26.2.2011 | തറ |
| 6 | കേശവൻ നായർ, ചീരാൻതൊടി ചുനങ്ങാട് | 42500 | 17.6.2011 | തറ |
| 7 | സുരേഷ്, s/o വാസു, കല്ലിങ്കൽ, കടമ്പൂർ | 22500 | 25.3.2011 | പണി തുടങ്ങിയിട്ടില്ല |
| 8 | ശ്രീകുമാർ, നറുങ്ങൻതൊടി, ചുനങ്ങാട് | 40000 | 16.5.2011 | തറ |
| 9 | ബലരാമൻ,s/o ഗോപിനാഥൻ പിള്ള, ലക്ഷംവീട്, വേങ്ങശ്ശേരി | 42500 | 7.5.2012 | തറ |

II. എം.എൻ ലക്ഷം വീട് 2010-11ജനറൽ ( സ്പിൽ ഓവർ-192/15-16, 2015-16 ൽ തുക ചെലവഴിച്ചിട്ടില്ല.)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തിയ്യതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഖദീജഹൈദ്ര, കൊരട്ടിയിൽ, ചെറുമുണ്ടശ്ശേരി | 50000 | 21.2.2012 | ചുമർ പണി |
| 2 | ഹംസ ബാപ്പു, തെരിയംകോട്ടിൽ, | 70000 | 6.12.2013 | ചുമർ പണി |

| | | | | |
|---|---|---|---|---|
| | ചുനങ്ങാട് | | | |
| 3 | കൃഷ്ണൻകുട്ടി, പാങ്ങം പറമ്പിൽ, ചുനങ്ങാട് | 60000 | 5.7.2011 | ചുമർ പണി |
| 4 | സൈതലവി ബാപ്പു, തെരിയംകോട്ടിൽ, ചുനങ്ങാട് | 55000 | 11.4.2012 | ചുമർ പണി |
| 5 | ഹംസ ഹൈദ്രമാൻ, പാലത്തിങ്കൽ, ചെറുമുണ്ടശ്ശേരി | 60000 | 27.7.2012 | തറ |
| 6 | കദീജ ആക്കംപറമ്പിൽ, ചെറുമുണ്ടശ്ശേരി | 40000 | 9.7.2012 | തറ |
| 7 | ബാവ സെല്ലറാവുത്തർ, സിത്തടി, ചെറുമുണ്ടശ്ശേരി | 60000 | 27.7.2012 | തറ |
| 8 | റഹ്മത്ത് ഷഫീക്ക്, പാലത്തിങ്കൽ, ചെറുമുണ്ടശ്ശേരി | 60000 | 27.7.2012 | തറ |
| 9 | അഫ്സത്ത്, മയിലും പുറത്ത്, ചെറുമുണ്ടശ്ശേരി | 60000 | 27.7.2012 | തറ |

II. എം.എൻ ലക്ഷം വീട് 2010-11 പട്ടിക ജാതി വിഭാഗം ( സ്പിൽ ഓവർ-191/15-16, 2015-16 ൽ തുക ചെലവഴിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തിയ്യതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഹരിദാസൻ, s/o രാമൻ, ചുനങ്ങാട് കുന്ന്,ചുനങ്ങാട് | 60000 | 28.3.2011 | ചുമർ പണി |

പദ്ധതികൾ സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി, വീട് അനുവദിക്കപ്പെട്ട ഗുണഭോക്താവിന്റെ പേരിൽ തന്നെയാണ് നിലവിൽ പ്രസ്തുത സ്ഥലം ഉള്ളത് എന്ന് രേഖാമൂലം പരിശോധിച്ച് ഉറപ്പുവരുത്തണം. ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ സ്ഥലം കൈമാറ്റം ചെയ്തതായി വ്യക്തമാകുന്ന പക്ഷം നാളിതുവരെ കൈപ്പറ്റിയ മുഴുവൻ തുകയും പലിശ സഹിതം തിരിച്ചടപ്പിക്കേണ്ടതാണ്. സ്ഥലം സ്വന്തം ഉടമസ്ഥതയിൽത്തന്നെയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല- വിവിധ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കപ്പെടാതെ പോയി.

2015-16 സാമ്പത്തിക വർഷത്തിൽ VEOമുഖേന നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭിച്ചവയിൽ ചില പദ്ധതികൾ നടപ്പിലാക്കാനായില്ല. 31.3.2016 വരെ നിർവ്വഹണം ആരംഭിക്കാൻ സാധിക്കാതിരുന്ന താഴെ പറയുന്ന പദ്ധതികൾ ഉപേക്ഷിക്കുന്നതിന് ഭരണ സമിതി തീരുമാനമെടുത്തു. (തീരുമാനം നം.1(2) തിയ്യതി 30.6.2016).

| ക്രമ നം | പ്രൊജക്ട് നം. | പ്രൊജക്ട് | വകയിരുത്തി അംഗീകാരം ലഭിച്ച തുക | ഫണ്ട് ഇനം |
|---|---|---|---|---|
| 1 | 128/15-16 | ബയോഗ്യാസ് പ്ലാന്റ് | 850000 | T.S.C, തനത് ഫണ്ട് |
| 2 | 142/15-16 | എം.എൻ ലക്ഷം വീട് നവീകരണം (എസ്.സി.പി) | 1600000 | സംസ്ഥാനവിഹിതം, തനത് ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം |
| 3 | 143/15-16 | എം.എൻ ലക്ഷം വീട് നവീകരണം (ജനറൽ) | 3225000 | സംസ്ഥാനവിഹിതം, തനത് ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം |
| 4 | 144/15-16 | എം.എൻ ലക്ഷം വീട് പുനരുദ്ധാരണം (ജനറൽ) | 600000 | സംസ്ഥാനവിഹിതം |

| | | | | |
|---|---|---|---|---|
| 5 | 214/15-16 | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് ധനസഹായം-<br><br>ക്ഷീരോല്പന്നങ്ങൾ | 1000000 | ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട്, ബാങ്ക് വായ്പ |
| 6 | 215/15-16 | ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി-ജനറൽ | 14941125 | പ്ലാൻ ജനറൽ, ബാങ്ക് വായ്പ |
| 7 | 246/15-16 | വ്യക്തിഗത ഗാർഹിക ശൗചാലയനിർമ്മാണം | 3188786 | പ്ലാൻ ജനറൽ, ധനകാര്യകമ്മീഷൻ ഗ്രാന്റ്, T.S.C |

വിവിധ ഫണ്ടുകളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്താവുന്ന വിധം പദ്ധതി രൂപീകരണ -നിർവ്വഹണ ഘട്ടങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-5 വെറ്ററിനറി ആശുപത്രിയിലേക്ക് മരുന്ന് - പർച്ചേസിൽ സുതാര്യത ഉറപ്പ് വരുത്തണം.

പ്രൊജക്ട് നം 02/15-16 പ്രകാരം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി വെറ്ററിനറി ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 25000രൂപ ചെലവഴിച്ച പദ്ധതി, മരുന്നുകളുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ക്വട്ടേഷൻ മുഖേന പർച്ചേസ് നടത്തുകയും ചെയ്ത് തൃപ്തികരമായി പൂർത്തിയാക്കിയിട്ടുമുണ്ട്.(ബിൽനം-01/15-16,തിയ്യതി.18.1.2016- നോൺറോഡ് മെന്റനൻസ് ഗ്രാന്റ്). നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും ക്വട്ടേഷൻ നോട്ടീസും മരുന്നുകളുടെ Generic name രേഖപ്പെടുത്തിയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ സമർപ്പിക്കപ്പെട്ട ക്വട്ടേഷനുകളിലും പർച്ചേസ് ബില്ലിലും മരുന്നുകളുടെ Brand name മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇക്കാരണത്താൽ NAC ലഭിച്ചതും പർച്ചേസ് ഓർഡർ നൽകിയതുമായ മരുന്നുകൾ തന്നെയാണ് ലഭ്യമായത് എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല. ആയതിനാൽ മരുന്ന് വാങ്ങൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ എല്ലാ രേഖകളിലും Generic name തന്നെ രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ മുഴുവൻ തുകയും വിതരണം ചെയ്തില്ല.

## ഒഴിവാക്കി

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേന്ദ്ര വിഹിതം | 2015-16 | 543107 | SNP | 543107 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 543750 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 543750 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് മുൻകൂർ നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | ലഭ്യമല്ല | 14887500 | 3550945 | 1057417 | 226273 (ബാങ്കിലേക്ക് സർക്കാർ നൽകിയത്) | 2538528 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1083755 |
| തൻവർഷം നിക്ഷേപിച്ച തുക | 115436 |
| ആകെ | 1199191 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 115436 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1199191 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82738541.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70606862 |
| വരവിനങ്ങളിലുള്ള നഷ്ടം | 450/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ചാർജ് ചെയ്യാവുന്നവ | |
| 2(1) | 450 | കെ. സതീഷ് കുമാർ സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല .

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല .

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല .

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ. സതീഷ് കുമാർ സെക്രട്ടറി | സെക്രട്ടറി, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | എടമന ഇല്ലം, കേരളശ്ശേരി (പി.ഒ) പാലക്കാട്ജില്ല -678641 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി-8/709/98/ 18.2.99 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി-6/1643/ 99/ 26/6/00 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി-11/165/01/ 26.6.00 | ഫർദർ റിമാർക്സ് |
| 1999-2000 | എൽ.എഫ്.പി-12/1236/03/ 24.8.04 | ഫർദർ റിമാർക്സ് |
| 2000-01 | എൽ.എഫ്.പി-14/938/04/ 27.1.06 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി-14/977/05/ 13.2.06 | ഫർദർ റിമാർക്സ് |
| 2002-03 | എൽ.എഫ്.പി-14/1835/08/ 17.3.11 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ്.പി-14/1836/08/ 4.1.10 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി-14/1837/08/ 7.4.11 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി-14/1838/08/ 7.4.11 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി-14/1839/08/ 7.4.11 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ്.പി-16/2386/12/ 14.2.14 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി-16/2386/12/ 14.2.14 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി-16/407/13/ 3.3.14 | ഫർദർ റിമാർക്സ് |
| 2010-11 | എൽ.എഫ്.പി-16/407/13/ 3.3.14 | ഫർദർ റിമാർക്സ് |
| 2011-12 | എൽ.എഫ്.പി-16/407/13/ 3.3.14 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2012-13 | എൽ.എഫ്.പി-16/455/15/ 10.8.15 | ഫർദർ റിമാർക്സ് |
| 2013-14 | കെ.എസ്.എ.പി.കെ.ഡി 16/960/2016 /11.7.16 | ഫർദർ റിമാർക്സ് |
| 2014-15 | കെ.എസ്.എ.പി.കെ.ഡി 16/960/2016 /11.7.16 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1
## ഓഡിറ്റ് സാക്ഷ്യപത്രം

CERTIFICATE

Certified that I have examined the Annual Financial Statement of AMBALAPPARA GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions

in my opinion the financial statements of AMBALAPPARA GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

AMBALAPPARA GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet in connection with the value of Assets is not Up-dated .

2. Budget is not prepared on function -fuctionary basis.

3. The figures shown as the arrear & current balance of property tax (2015-16) in AFS, are not in agreement with the figures shown in DCB statement and Sanchaya Software.

Deputy Director

## സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത്

## വാർഷിക ധനകാര്യ പത്രിക – 2015-2016

## ന്യൂനതാ സംഗ്രഹം

1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

3വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി കുടിശ്ശിക തുകകളും തൻ വർഷ നീക്കിയരിപ്പ് തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ